ഫോൺ എക്സ്ചേഞ്ചുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈയിനത്തിൽ സർക്കാരിന് 1,87,134/- രൂപ ചെലവായിട്ടുണ്ട്.

10 (13) മന്ത്രിമാരുടെ ഔദ്യോഗിക വസതി മോടിപിടിപ്പിക്കൽ

ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിമാരുടെയും ഔദ്യോഗിക വസതികൾ മോടിപിടിപ്പിക്കുന്നതിന് എന്തു തുക ചെലവായിട്ടുണ്ട്;

(ബി) മുഖ്യമന്ത്രിയുൾപ്പെടെയുള്ള ഓരോ മന്ത്രിയ്ക്കും വേണ്ടി ക്രോക്കറി, കട്ലറി സാധനങ്ങളും അടുക്കളയ്ക്കു വേണ്ടിയുള്ള മറ്റുപകരണങ്ങളും വാങ്ങിയ വകയിൽ എന്തു തുക ചെലവായി.?

ഉത്തരം

(എ,ബി) വിവരം ശേഖരിച്ച് വരുന്നു.

11(14) പുതുതായി സൃഷ്ടിച്ച തസ്തികകൾ

ശ്രീ. എം.എ. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനറൽ അഡ്മിനിസ്ട്രേഷൻ, ധനകാര്യ വകുപ്പ്, നിയമവകുപ്പ് എന്നിവിടങ്ങളിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; ഇവയുടെ കാറ്റഗറി തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വകുപ്പുകളിൽ ഇതേ കാലയളവിൽ എത്ര തസ്തികകൾ നിർത്തലാക്കി; ഇവയുടെ കാറ്റഗറി തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഇതുമൂലം സർക്കാരിനുണ്ടായ അധിക ബാദ്ധ്യത എത്ര?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഡ്ഃസെക്രട്ടേറിയറ്റിൽ 172 തസ്തികകളും ധനകാര്യ വകുപ്പിൽ 58 തസ്തികകളും നിയമവകുപ്പിൽ 11 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. തസ്തിക തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) അഡ്ഃ സെക്രട്ടേറിയറ്റിൽ സൂപ്പർ ന്യൂമറിയായി സൃഷ്ടിക്കപ്പെട്ട ഒരു അസിസ്റ്റന്റ് ഗ്രേഡ് -2 തസ്തിക നിർത്തലാക്കിയിട്ടുണ്ട്.

(സി) ഏകദേശം 1.90 കോടി രൂപ സാമ്പത്തിക ബാദ്ധ്യത വരുമെന്നു കണക്കാക്കുന്നു.

---

* അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly